**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1004** **29-08-2022 - ൽ മറുപടിയ്ക്ക്**

**ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പേജ് നമ്പർ 66-ൽ 1394 ക്രമ നമ്പരായി നിലമ്പൂർ നിയോജക മണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, പോത്തുകൽ, അമരമ്പലം, കരുളായി പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് 10 കോടി രൂപയുടെ 20 ശതമാനമായ 2 കോടി വകയിരുത്തിയിരുന്നോ; പ്രസ്തുത വിവരം വനം വകുപ്പിന് അറിവുള്ളതാണോ; വിശദമാക്കാമോ; | (എ) | 2019-2020 ലെ "വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II ൽ "ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ" ക്രമ നമ്പർ 1394 ആയി വഴിക്കടവ്, മൂത്തേടം, പോത്തുകൽ, അമരമ്പലം, കരുളായ് പഞ്ചായത്തുക ളിലെ വന്യമൃഗശല്യം തടയുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് 10 കോടി രൂപ എസ്റ്റിമേറ്റ് തുക വകയിരുത്തിയെങ്കിലും അലോട്ട്മെന്റ് ലഭിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ മൂത്തേടം ഗ്രാമ പഞ്ചായത്തിൻ കീഴിൽ വരുന്നതും നിലമ്പൂർ സൗത്ത് ഡിവിഷന്റെ കരുളായി റെയ്ഞ്ചിലെ പടുക്ക ഫോറസ്റ്റ് സ്റ്റേഷനു കീഴിലെ തീക്കടി- പൂളക്കപ്പാറ- നമ്പൂരിപ്പൊട്ടി ഭാഗത്ത് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് KIIFB PhaseII പദ്ധതിയിൽ ഉൾപ്പെടുത്തി 225 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിരുന്നു. ആയതുപ്രകാരം സാങ്കേതിക അനുമതിക്കായി അടങ്കൽ തയ്യാറാക്കി സമർപ്പിക്കുകയും, പാസ്സാക്കുകയും ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത തുക ചെലവഴിക്കാനാകാതെ അസാധുവായതിന്റെയും പദ്ധതി നിർവ്വഹിക്കാനാകാത്തതിന്റെയും കാരണം വിശദമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടിയിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും ടി ഉദ്യോഗസ്ഥർ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നോ എന്നും ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ടി ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായോ എന്നും അറിയിക്കാമോ; | (ബി) | നിലമ്പൂർ സൗത്ത് ഡിവിഷനിലെ കരുളായി റെയിഞ്ചിലെ പടുക്ക ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തീക്കടി-പൂളക്കപ്പാറ-നമ്പൂരിപ്പൊട്ടി ഏരിയയിൽ KIIFB Phase II ൽ ഉൾപ്പെടുത്തി ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് പ്രവൃത്തി ചെയ്യുന്നതിന്റെ ഭാഗമായി 2,22,50,000/- രൂപയുടെ എസ്റ്റിമേറ്റ് പാസാക്കുകയും പ്രവൃത്തി ടെൻഡർ ചെയ്യുകയുമുണ്ടായി. എന്നാൽ ടി പ്രവൃത്തി പടുക്ക ഫോറസ്റ്റ് സ്റ്റേഷന് കീഴിൽ തന്നെയുള്ളതും നിലവിൽ കാട്ടാനശല്യം കൂടുതലുമായ ബാലാകുളം-താന്നിപ്പൊട്ടി ഏരിയയിലേക്ക് മാറ്റണമെന്നുള്ള നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അപേക്ഷ പ്രകാരം മനുഷ്യ വന്യജീവി |

സംഘർഷം കൂടുതലുള്ള ബാലംകുളം- തന്നിപ്പൊട്ടി ഭാഗത്തേക്ക് ടി പ്രവൃത്തി മാറ്റുവാൻ തീരുമാനിച്ചു. നമ്പൂരിപ്പൊട്ടി ഏരിയയിൽ തീക്കടി മുതൽ സൂഹ്റമുക്ക് വരെയുള്ള 2 കി.മീ ദൂരത്തിൽ മാത്രമേ വിജയകരമായി ഫെൻസിംഗ് ചെയ്യാൻ സാധിക്കുകയുള്ളവെന്നും തുടർന്നുള്ള ഭാഗങ്ങളിൽ ചെങ്കുത്തായ വനഭാഗവും ധാരാളം വലിയ മരങ്ങൾ ഉള്ളതിനാലും, തുടർന്ന് സ്വകാര്യ ഭൂമിയുമായതിനാൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് ചെയ്യുന്നത് പ്രായോഗികമല്ലാത്തതിനാലും ടി സ്ഥലത്ത് വലിയ തോതിലുള്ള കാട്ടാന ശല്യം ഇല്ലാത്തതിനാലുമാണ് മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ള ബാലംകുളം-താന്നിപ്പൊട്ടി ഭാഗത്തേയ്ക്ക് ഇത്തരത്തിൽ പ്രവൃത്തി മാറ്റാൻ തീരുമാനിച്ചത്. തുടർന്ന് 16.12.2021 ലെ KIIFB 9th സബ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പുതിയ സ്ഥലത്തേക്ക് മാറ്റുകയും പുതുക്കിയ പ്രവൃത്തിയുടെ അടങ്കലും രൂപരേഖയും സമർപ്പിക്കുവാൻ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് നിർദ്ദേശിക്കുകയുണ്ടായി. ആയത് അനുസരിച്ച് നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 4,38,60,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ തീക്കടി-പൂളക്കപ്പാറ-നമ്പൂരിപ്പൊട്ടി ഏരിയയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് 225 ലക്ഷം രൂപയ്ക്ക് (4.5 കി.മീ) മാത്രമാണ് നിലവിൽ ഭരണാനുമതി ഉള്ളത് എന്നതിനാൽ ടി പ്രവൃത്തി ബാലംകുളം വാൾ-താന്നിപ്പൊട്ടി ഏരിയയിലേക്ക് അലൈൻമെന്റ് മാറ്റി നിർമ്മിക്കുന്നതിനാവശ്യമായ (4,38,60,000/-രൂപ) ഭരണാനുമതി ലഭ്യമാക്കുന്നതിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ&ടി.ഡബ്ല്യു)ക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. തുടർന്ന് KIIFB ഫണ്ട് ഉപയോഗിച്ച് ബാലംകുളം-താന്നിപൊട്ടി ഏരിയയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നത് ചെലവ് ഇരട്ടിയിലധികം വർദ്ധിക്കുമെന്നതിനാൽ വന്യമൃഗശല്യം പരിഹരിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ് ഉചിതമെന്ന് 17.06.2022 ലെ എസ്.എഫ്.ഡി.എ- KIIFB പത്താം സബ് കമ്മിറ്റി മീറ്റിംഗ് ശുപാർശ ചെയ്തിട്ടുള്ളതും പ്രസ്തുത ഏരിയയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉപേക്ഷിച്ചിട്ടുള്ളതുമാണ്. എസ്.എഫ്.ഡി.എ മുഖേനെ നിലമ്പൂർ സൗത്ത് എഫ്. ഡി.എ ചീഫ് എക്സിക്യൂട്ടീവ്

| | | | |
|---|---|---|---|
| | | | ഓഫീസർ മുഖേനെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടിയിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചിട്ടില്ല. |
| (സി) | മേൽ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹിക്കേണ്ട സ്ഥലങ്ങൾ നിർദ്ദേശിച്ച ഭരണസമിതി തീരുമാനങ്ങളുടെ നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകളിൽ നിലമ്പൂർ എം.എൽ.എ. മുഖാന്തിരം സമർപ്പിച്ചിരുന്നോ; ടി ഭരണസമിതി തീരുമാനങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | അമരമ്പലം, കരുളായ്, മൂത്തേടം, വഴിക്കടവ് എന്നീ ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹിക്കേണ്ട പ്രദേശങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട ഭരണസമിതി തീരുമാനങ്ങൾ ബഹു.നിലമ്പൂർ എം എൽ എ മുഖേനെ സമർപ്പിച്ചിരുന്നു. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത ബജറ്റ് പ്രഖ്യാപനത്തിന്മേൽ വനം വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിലാണെന്നും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ വിവരങ്ങളും അറിയിക്കാമോ; | (ഡി) | ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ടി പ്രവൃത്തി "ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ" എന്ന നിലയിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആയത് സംബന്ധിച്ച് അലോട്ട്മെന്റോ, ഫണ്ടോ ലഭിച്ചിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ബഹു. നിലമ്പൂർ എം എൽ എ യുടെ നിവേദനത്തിൽ പ്രതിപാദിക്കുന്ന പ്രവൃത്തികൾക്കുള്ള 2.25 കോടി രൂപ യുടെ അടങ്കലും പ്രൊപ്പോസലും KIIFB Phase II ൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്. |
| (ഇ) | മേൽ വിഷയവുമായി ബന്ധപ്പെട്ട് 03.07.2020-ന് അന്നത്തെ വനം വകുപ്പ് മന്ത്രിക്ക് നിലമ്പൂർ എം.എൽ.എ. സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | ബഹു.നിലമ്പൂർ എം എൽ എ യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കരുളായി റെയിഞ്ചിലെ പടുക്ക ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തീക്കടി-പൂളക്കപ്പാറ-നമ്പൂരിപ്പൊട്ടി ഏരിയയിൽ KIIFB Phase II ൽ ഉൾപ്പെടുത്തി ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് പ്രവൃത്തി ചെയ്യാൻ തീരുമാനമാനിച്ചിരുന്നു. അതിന്റെ ഭാഗമായി 2,22,50,000/- രൂപയുടെ എസ്റ്റിമേറ്റ് പാസാക്കുകയും പ്രവൃത്തി ടെൻഡർ ചെയ്യുതിട്ടുള്ളതുമാണ്. എന്നാൽ ടി ഏരിയയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് പ്രായോഗികമല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

അമരമ്പലം ഗ്രാമ പഞ്ചായത്ത്

30.072019 തീയതി നടന്ന സാധാരണ/അടിയന്തിര

മീറ്റിംഗിലെ 27/01 –ാംനമ്പർ തീരുമാനം

................................................................................................

അമരമ്പലം ഗ്രാമ പഞ്ചായത്തിലെ വന്യമൃഗ ശല്യം തടയുന്നതിന് ഇടുക്കി മാങ്കുളം മോഡൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സംവിധാനം ഏറ്റെപ്പടുത്തുന്നതിനായി താഴെ ചേർത്ത പ്രദേശങ്ങൾ ക്രമ പ്രകാരം നിശ്ചയിച്ചും ആയതിനുള്ള തുടർ നടപടികൾക്കായി വനം വകുപ്പിനോട് അപേക്ഷിച്ചും തീരുമാനിച്ചു.

1.ഉണ്ണിക്കുളം മുതൽ പാട്ടക്കരിമ്പ് വരെ

2. പൂത്തോട്ടംകടവ് മുതൽ കാഞ്ഞിരപ്പള്ളി വരെ

(ഒപ്പ്)

പ്രസിഡണ്ട്

// ശരിപകർപ്പ്//

# കരുളായി ഗ്രാമ പഞ്ചായത്ത്

തീരുമാനം 10 (2) 29-7-19

കരുളായി ഗ്രാമപഞ്ചായത്തിൽ വന്യമൃഗ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് അനിവാര്യമായി വന്നിരിക്കുകയാണെന്ന് യോഗം അഭിപ്രായപ്പെട്ടു. ഇത് സംബന്ധിച്ച് പൊതുജനങ്ങൾ നിരന്തരം പരാതി ഉന്നയിക്കാറുണ്ട്. രൂക്ഷമായ വന്യമൃഗ ശല്യം ഉണ്ടാകുന്ന വനാതിർത്തിപ്രദേശമായ പാലാങ്കര പാലം മുതൽ ചെരങ്ങാംതോട് വരെ ആധുനികരീതിയിലുള്ള ഫെൻസിംഗ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹു. നിലമ്പൂർ എം.എൽ.എ.യോടും വനം വകുപ്പിനോടും അപേക്ഷിച്ച് തീരുമാനിച്ചു.

/ശരിപ്പകർപ്പ്/

P.B. SHAJU
SECRETARY
KARULAI GRAMA PANCHAYAT
KARULAI (P.O.), PIN - 679330
PH. 04931 270248

(ഒപ്പ്)
പ്രസിഡന്റ്

# മൂത്തേടം ഗ്രാമ പഞ്ചായത്ത്

22.07.2019 തീയതി നടന്ന അടിയന്തിരയോഗത്തിലെ
2 / 1 നമ്പർ തീരുമാനം.

അജണ്ട : 2 : വന്യമൃഗശല്യമുള്ള ഭാഗങ്ങളിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് - പ്രൊപോസൽ നൽകുന്നത് സംബന്ധിച്ച് :---

തീരുമാന നമ്പർ : 2 /1(22.07.2019) തീയതി

തീരുമാനം : അംഗീകരിച്ചു

ഗ്രാമ പഞ്ചായത്തിൽ വന്യമൃഗശല്യം രൂക്ഷമായി അനുഭവപ്പെടുന്ന 1,2,3,4,7,8,9 വാർഡുകളിലെ വനാതിർത്തികളിൽ ഇടുക്കി മാങ്കുളം മോഡൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിലേക്ക് പ്രൊപോസൽ നൽകുന്നതിന് തീരുമാനിച്ചു.

(ഒപ്പ്)
സെക്രട്ടറി
പ്രസിഡൻറ്

//ശരിപകർപ്പ്//

SECRETARY

# വഴിക്കടവ് ഗ്രാമ പഞ്ചായത്ത്

22.07.2019 തീയതി നടന്ന അടിയന്തിരയോഗത്തിലെ
1 / 1 നമ്പർ തീരുമാനം.

അജണ്ട : 1: വന്യമൃഗശല്യം തടയുന്നതിന് ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് നടപ്പാക്കുന്നത് സംബന്ധിച്ച്: സംബന്ധിച്ച് :---

തീരുമാന നമ്പർ : 1/1(22.07.2019) തീയതി

തീരുമാനം : അംഗീകരിച്ചു

വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ വന്യമൃഗശല്യം തടയുന്നതിന് രണ്ട് കോടി രൂപ ചിലവിൽ ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് വനം വകുപ്പിന് പ്രപ്പോസൽ സമർപ്പിക്കുന്നത് സംബന്ധിച്ച് ബഹു. നിലമ്പൂർ എം.എൽ.എ. യുടെ നിർദ്ദേശം യോഗം ചർച്ച ചെയ്തു. വഴിക്കടവ് ഗ്രാമപഞ്ചായത്തിൽ വന്യമൃഗ ശല്യം ഏറ്റവും രൂക്ഷമായ കരിമ്പിൻപൊട്ടി മുതൽ ആനമറി വരെയുള്ള അഞ്ച് കിലോമീറ്റർ ദൂരം ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് വനം വകുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

(ഒപ്പ്)

സെക്രട്ടറി പ്രസിഡൻറ്

//ശരിപകർപ്പ് //